# Athmaraksha.org

മാരകപാപം, അഴിമതി, അനീതി, അസമാധാനം

## കാപട്യത്തിനെതിരെ കരുതലുള്ളവരാകുക



കാപട്യമാകുന്ന രോഗവിഷാണു ബാധിക്കാതിരിക്കുന്നതിന് ജാഗ്രത പുലർത്താൻ മാർപാപ്പ ഉപദേശിക്കുന്നു.
വത്തിക്കാനിൽ, തന്റെ വാസയിടമായ വിശുദ്ധ മാർത്തയുടെ നാമത്തിലുള്ള മന്ദിരത്തിലെ, ദോമൂസ് സാംക്തെ മാർത്തെയിലെ, കപ്പേളയിൽ വെള്ളിയാഴ്ചത്തെ (16/10/2015) പ്രത്യൂഷ ദിവ്യപൂജാവേളയിൽ നടത്തിയ വചനവിശകലനത്തിലാണ് ഫ്രാൻസിസ് പാപ്പാ ഈ ഉപദേശമേകിയത്.

'ഫരിസേയരുടെ കാപട്യമാകുന്ന പുളിപ്പിനെ സൂക്ഷിച്ചുകൊള്ളുവിൻ' എന്ന് യേശു ജാഗ്രതാനിർദ്ദേശമേകുന്ന സുവിശേഷഭാഗം, ലൂക്കായുടെ സുവിശേഷം, പന്ത്രണ്ടാം അദ്ധ്യായം 1 മുതൽ 7 വരെയുള്ള വാക്യങ്ങളായിരുന്നു. പാപ്പായുടെ പരിചിന്തനത്തി നാധാരം.
കാപട്യമാകുന്ന പുളിപ്പ് രോഗത്തിനു കാരണമാകുന്ന അണു അഥവാ വൈറസ് ആണെന്നും അത് മാരകമാണെന്നും പറഞ്ഞ പാപ്പാ അത് ബാധിക്കാതിരിക്കാനുള്ള ഏക മാർഗ്ഗം യേശു കാട്ടിത്തന്ന പ്രാർത്ഥനയാണെന്ന് ഉദ്ബോധിപ്പിച്ചു.
ഇരുളുമല്ല എന്നാൽ വെളിച്ചവുമല്ലാത്തതായ ഫരിസേയരുടെ മനോഭാവത്തിൽ വീഴാതെ സൂക്ഷിക്കേണ്ടതിന്റെ അനിവാര്യത പാപ്പാ ഊന്നിപ്പറഞ്ഞു.